ഉത്തരം

(എ) ഇല്ല.

(ബി) പുതുതായി ഏജൻസി ലഭിക്കുവാൻ വേണ്ടി അപേക്ഷ നൽകിയിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 176 |
| കൊല്ലം | 268 |
| ആലപ്പുഴ | 2232 |
| പത്തനംതിട്ട | 57 |
| കോട്ടയം | 100 |
| ഇടുക്കി | 352 |
| എറണാകുളം | 130 |
| തൃശ്ശൂർ | 1319 |
| പാലക്കാട് | 550 |
| മലപ്പുറം | 322 |
| കോഴിക്കോട് | 868 |
| വയനാട് | 142 |
| കണ്ണൂർ | 550 |
| കാസർഗോഡ് | 40 |

തപാൽ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇവർക്ക് ഏജൻസി അനുവദിക്കുന്നതിനു കഴിയുകയുള്ളൂ.

(സി) 2001 ജനുവരി 1 മുതൽ 2003 ഡിസംബർ 31 വരെ എറണാകുളം ജില്ലയിൽ പുതുതായി ഏജൻസി അനുവദിച്ചവരുടെ പേരുവിവരം ജില്ലാ കളക്ടർമാരിൽ നിന്നും ബി. ഡി. ഒ.-മാരിൽ നിന്നും ശേഖരിച്ചുവരികയാണ്. ആയത് ലഭിച്ചതിനുശേഷം പേരു വിവരം വെളിപ്പെടുത്താവുന്നതാണ്.

(ഡി) തപാൽ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അർഹരായ അപേക്ഷകർക്ക് ഏജൻസി അനുവദിക്കുന്നതാണ്.

## 2003-2004-ലെ ബഡ്ജറ്റിലെ കേന്ദ്രനികുതി വിഹിതം

18 [1025] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004-ലെ ബഡ്ജറ്റിൽ കേന്ദ്രഗവൺമെന്റിൽ നിന്നും കേന്ദ്രനികുതി വിഹിത ഇനത്തിൽ എത്ര തുകയാണ് സംസ്ഥാനത്തിന് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നത്; ഇതിൽ 31-12-2003 വരെ ലഭിച്ച തുക എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ നികുതിയും ഡ്യൂട്ടിയും ഇനത്തിൽ എന്തു തുകയാണ് 2003-2004 വർഷത്തിൽ പ്രതീക്ഷിച്ചിരുന്നത്; ഇതിൽ എന്തു തുക 31-12-2003 വരെ ലഭിച്ചു;

(സി) നോൺ ടാക്സ് ഇനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈ വർഷം എന്തു തുക പ്രതീക്ഷിച്ചിരുന്നു; ഇതിൽ ഓരോ ഇനത്തിലുമായി സംസ്ഥാനത്തിന് എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഇനങ്ങളിൽ 2002-03 വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നതും യഥാർത്ഥ വരുമാനവും എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്രനികുതി വിഹിതമായി 2003-04-ലെ ബഡ്ജറ്റിൽ 1950 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. യഥാർത്ഥ വരുമാനത്തിന്റെ അന്തിമകണക്കുകൾ ലഭ്യമായിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ 2003 നവംബർ മാസം വരെ ലഭ്യമായ കണക്ക് പ്രകാരം കേന്ദ്രനികുതി വിഹിതമായി 1158.80 കോടി രൂപ കിട്ടിയിട്ടുണ്ട്.

(ബി) 2003-04 പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 8543.15 കോടി രൂപ സംസ്ഥാന നികുതികളും ഡ്യൂട്ടികളുമായി പ്രതീക്ഷിക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2003 നവംബർ മാസം വരെ ലഭ്യമായ കണക്ക് പ്രകാരം 4664.08 കോടി രൂപ ഈ ഇനത്തിൽ വരുമാനമുണ്ടായി.

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ഇൻ എയ്ഡായി പ്രതീക്ഷിക്കുന്ന സഹായം താഴെ പറയും പ്രകാരമാണ്:

| | | രൂപ കോടിയിൽ |
|---|---|---|
| 1. | പ്ലാനിൽപ്പെടാത്ത ഗ്രാന്റുകൾ | 189.42 |
| 2. | സംസ്ഥാന-കേന്ദ്രഭരണ പ്രദേശ പ്ലാൻ പദ്ധതികൾക്കുള്ള ഗ്രാന്റുകൾ | 596.19 |
| 3. | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ | 456.15 |
| | ആകെ | 1241.76 |

അക്കൗണ്ടന്റ് ജനറലിന്റെ 2003 നവംബർ മാസം വരെ ലഭ്യമായ താൽക്കാലിക കണക്ക് പ്രകാരം 380.14 കോടി രൂപയായിരുന്നു ഈ ഇനത്തിൽ മൊത്തം വരവ്.

(ഡി) 2002-2003 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന തുകയും യഥാർത്ഥ വരുമാനവും താഴെപറയും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

| | ഇനം | ബഡ്ജറ്റ് 2002-03 | കണക്ക് 2002-03 |
|---|---|---|---|
| 1. | പ്ലാനിൽപ്പെടാത്ത ഗ്രാന്റുകൾ | 86.45 | 195.19 |
| 2. | സംസ്ഥാന-കേന്ദ്രഭരണ പ്രദേശ പ്ലാൻ പദ്ധതി | 501.35 | 477.74 |
| 3. | കേന്ദ്ര പ്ലാൻ പദ്ധതികൾക്കുള്ള ഗ്രാന്റുകൾ | .. | 16.67 |
| 4. | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ | 474.28 | 243.86 |
| 5. | പ്രത്യേക പദ്ധതി സ്കീമുകൾക്കുള്ള ഗ്രാന്റുകൾ | 80.97 | 4.91 |
| | ആകെ | 1143.05 | 938.37 |

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി

19 [1026] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

„ മഞ്ഞളാംകുഴി അലി:

„ മത്തായി ചാക്കോ:

„ ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2003-2004 വർഷത്തിലെ നികുതിയേതര വരുമാനം ഏതൊക്കെ മേഖലകളിൽ നിന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) നികുതിയേതര വരുമാന വർദ്ധനവിനായി സർക്കാർ കൈക്കൊണ്ട നടപടികളുടെയും പുറപ്പെടുവിച്ച ഉത്തരവുകളുടെയും വിശദാംശങ്ങൾ ഡിപ്പാർട്ട്മെന്റ് തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) ജനങ്ങൾക്ക് സൗജന്യമായി ലഭിച്ചിരുന്ന ഏതൊക്കെ സേവനങ്ങൾക്കാണ് പുതിയ ചാർജ് ഏർപ്പെടുത്തിയതെന്നും ഏതൊക്കെ ചാർജ് വർദ്ധിപ്പിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly